# ജീവിത മൂല്യം: മാനദണ്ഡം

ദത്തോപന്ത് ഠേംഗഡി

ലോകത്ത് വ്യത്യസ്തങ്ങളും വിവിധങ്ങളുമായ ജീവിത മൂല്യങ്ങളുണ്ട്. എന്നാൽ ചിന്തിക്കേണ്ടത് അവയിൽ നിന്ന് പ്രവർത്തകർ ഏത് ജീവിതമൂല്യത്തെയാണ് സ്വീകരിക്കേണ്ടത് എന്നാണ്. ഇത് ഇന്നത്തെ മാത്രമല്ല എക്കാലത്തെയും ചിന്താ വിഷയം തന്നെയാണ്. നമ്മുടെ പൊതുജീവിതത്തിൽ മറ്റുചില തരത്തിലുള്ള മാനദണ്ഡങ്ങളും ശക്തിയോടെ കാണപ്പെടുന്ന ഇന്നത്തെ ചുറ്റുപാടിൽ മൂല്യത്തിൽ ഏറ്റവും കൂടുതൽ ഉയരത്തിൽ പദവി നേടുന്നതാരെന്ന് പന്തയം നടക്കുന്നു; വലിയ ''പൊസിഷനി''ൽ ആരെത്തും എന്ന് വിലയിരുത്തപ്പെടുന്നു. കൗശലവും ഉച്ചനീച കപടതന്ത്രങ്ങളും സ്വായത്തമാക്കി ഉന്നതപദത്തിൽ എത്തുകയും അധികം സമ്പത്ത് സ്വായത്തമാക്കുകയും ചെയ്യുന്നവരെയാണ് ഇന്ന് വ്യാവഹാരിക കുശലന്മാർ എന്ന് പറയുന്നത്.

രാഷ്ട്രീയത്തിന്റെ കാറ്റേൽക്കുമ്പോൾ ആളുകൾക്ക് ചില ദുഃസ്വഭാവങ്ങളും പിടിപെടും എന്നും അവരിൽ ചില നീച സംസ്കാരങ്ങൾ വന്നുചേരുമെന്നും പറയപ്പെടുന്നു. ഇവയിൽ ഏറ്റവും കഷ്ടമായത്, ദുഃസാമർത്ഥ്യത്തിൽ എല്ലാ കാര്യങ്ങളും വേഗത്തിൽ ചെയ്യുന്നു എന്നതാണ്. ഇതിനെ രാഷ്ട്രീയ ഭാഷയിൽ കരുനീക്കൽ എന്ന് പറയാം. ഇതിനാൽ ഏതൊരു ജോലിയും നിഷ്ഠയോടെയും കൃത്യമായും കൂടുതൽ ദിവസമെടുത്ത് ചെയ്യുന്നതിനെ മൂർഖത എന്ന് പറയുന്നു. ചതുരനായ വ്യക്തി വേഗത്തിൽ തന്റെ ജോലി മുഴുവനും ചെയ്യുന്നു. എന്നാൽ സ്വാമി വിവേകാനന്ദൻ പറയുന്നു, ''ചാതുര്യം കൊണ്ട് മഹത്തായ കാര്യങ്ങൾ ഉണ്ടാകില്ല.'' അതെയതെ, എന്നിരുന്നാലും ചാതുര്യത്താൽ കാര്യങ്ങൾ നടക്കുന്നു. പക്ഷെ മഹത്തായ കാര്യങ്ങൾ നടക്കുന്നില്ല. രാഷ്ട്ര ജീവിതത്തിൽ പെട്ടുപോകുന്ന സമ്മതിദാതാവിൽ പരിണാമവും പ്രഭാവവും പരത്തുന്ന കാര്യങ്ങൾ, സാമർത്ഥ്യം കൊണ്ട് മാത്രം ഉണ്ടാകുന്നില്ല.

കുറച്ചാളുകളെ കുറച്ചുസമയത്തേക്ക് മണ്ടന്മാരാക്കാം എന്ന് പറയാറുണ്ട്; പക്ഷെ എല്ലാവരെയും എല്ലായ്പ്പോഴും മണ്ടന്മാരാക്കാനാകില്ല. അതിനാൽ മഹത്തായ കാര്യങ്ങൾ ധൈര്യം കൊണ്ടും അവഗമനം കൊണ്ടും നിരന്തരമായി ചെയ്യേണ്ടിവരും. എന്നാൽ രാഷ്ട്രീയത്തിന്റെ ചുറ്റുപാട് കാരണം ധൈര്യം ചോർന്നു പോയിരിക്കുന്നു. ഒരു കല്ല് പൊട്ടിക്കണമെന്ന് കരുതുക. അതിൽ അഞ്ച് പത്ത് വട്ടം ചുറ്റിക കൊണ്ട് മേടിയാൽ മാത്രം ഒന്നുമാകില്ല. നൂറ് മേട്ടത്തിനാൽ അത് പൊട്ടിവരും. കല്ല് പൊട്ടിക്കണമെന്ന് കരുതുന്നയാൾ നിശ്ചയിക്കണം. തനിക്കതിൽ നൂറ് വട്ടം ചുറ്റിക കൊണ്ട് പ്രഹരിക്കേണ്ടിവരുമെന്ന്; ധൃതി കൊണ്ട് കാര്യം നടക്കില്ല. ഒരു ചൊല്ലുണ്ട്, 'ഛോടാ, മാർഗ് തുമേം ഹീ ഛേടാ കർദേഗാ' (ചെറിയ മാർഗം നിന്നെയും ചെറുതാക്കും) സമയം വന്നെത്തിയാൽ പ്രവൃത്തി പൂർണമായിത്തീരും.

രാഷ്ട്രീയക്കാരുടെ അധിക പ്രഭാവം പ്രസിദ്ധവും ഒപ്പം പഞ്ചലവുമാണ്. ഇവരുടെ ഇത്തരത്തിൽ സൂത്രശാലിദത്വത്തോടെയുള്ള ചിന്തകൾ രാഷ്ട്രീയക്ഷേത്രത്തിൽ ഇന്ന് പ്രബലമായിരിക്കുന്നു; അവർ പ്രസിദ്ധിയെത്തന്നെയാണ് സംഘടനയുടെ പ്രസ്താവനയായി കരുതുന്നത്. അവരുടെ അഭിപ്രായത്തിൽ, പ്രസിദ്ധി പ്രബലമാണെങ്കിൽ നമ്മുടെ പക്ഷത്തേക്ക് കാറ്റ് വീശും. ആ തരംഗത്തിൽ നാം ജയിക്കും എന്ന് മാത്രമല്ല, പ്രവർത്തിക്കാനായി വേണ്ട കാര്യകർത്താക്കളുടെ ആവശ്യകതയും സ്വയം പൂർണമാകും. ആ കാറ്റിന്റെ പ്രഭാവത്തിൽ പോസ്റ്റർ ഒട്ടിക്കാനുള്ളവർ സ്വയം മുന്നിലെത്തും, അതിനാൽ കേവലം അന്തരീക്ഷം സൃഷ്ടിക്കുകയും വേഗത്തിൽ അലയടിക്കുന്ന പ്രസിദ്ധി സാധ്യമാക്കുകയും ചെയ്യുന്നത് യശസ്സ് നേടുന്നതിന് പര്യാപ്തമാവും.''

എന്നാൽ ഇത്രയും സാമർത്ഥ്യം കാണിക്കുന്നത് നല്ലതല്ല. പ്രചാരണത്തിനും പ്രസിദ്ധിക്കും മഹത്വമുണ്ട്; പക്ഷെ അത് വളരെ നിയന്ത്രിതമാണ്. പ്രസിദ്ധി മഴയ്ക്കു തുല്യമാണ്. മഴ ആവശ്യകതയെക്കാൾ കുറവാണെങ്കിൽ വരൾച്ച അനുഭവപ്പെടും, അതേസമയം ആവശ്യത്തെക്കാൾ അധികമാണെങ്കിൽ ഈറനണിഞ്ഞ അന്തരീക്ഷവുമായിരിക്കും. ആഗ്രഹിക്കുന്ന അളവിനെക്കാൾ മഴ ഏറുകയോ, കുറയുകയോ ചെയ്താൽ അതും അപകടകാരിയായിരിക്കും. ഇതേ നിയമം തന്നെ പ്രസിദ്ധിയുടെ കാര്യത്തിലും പ്രസക്തമാണ്. വേണ്ടുന്നതിനെക്കാൾ അധികം ലഭിക്കുന്ന പ്രശസ്തിയിൽ ലോക പ്രിയത വർദ്ധിക്കും. എന്നാൽ അതിന്റെ മറ്റൊരു പരിണാമവും ശ്രദ്ധയിൽ വയ്ക്കേണ്ടതാണ്. ആവശ്യത്തിനെക്കാളേറുന്ന പ്രചാരം പ്രതിയോഗികളുടെ പിടിവാശി വർദ്ധിപ്പിക്കുന്നു. ഒപ്പം നമ്മുടെ ചുറ്റുമുള്ള ആത്മസന്തോഷത്തിന്റെ ഭാവവും പ്രഭാവവും ഏറിവരികയും ചെയ്യുന്നു. പ്രചരണത്താൽ ആളുകൾ ആത്മവഞ്ചനയുടെ ഇരകളാകുന്നത് വളരെയധികം ജോലി ചെയ്യുന്നു എന്ന തോന്നൽ ഉണ്ടാകുന്നതിനാലാണ്. പ്രസിദ്ധി തന്നെയാണ് പ്രവർത്തനത്തിന്റെ വിശ്വാസ്യത എന്ന ചിന്ത. ഇതോടെ മനസ്സിലുറയ്ക്കും. മാത്രമല്ല, കുറേശ്ശെയായി, മെല്ലെമെല്ലെ നമ്മുടെ അടിസ്ഥാനം വളർത്തിയെടുക്കുന്നത് മൂഢപ്രക്രിയയാണ് എന്നും ചിന്തി

ക്കപ്പെടുന്നു. ഓരോരോ വ്യക്തിയെയോ സദസ്യനെയോ വളർത്തിയെടുത്ത് സ്വന്തം സമയവും പ്രസ ത്നവും പാഴാക്കുനനതിനെക്കാൾ, പ്രചാരണത്തിന്റെ മാധ്യമത്തിലൂടെ വളരെപ്പെട്ടെന്ന് സ്വന്തം വ്യക്തിത്വം ഉജ്ജ്വലമാക്കുന്നതാണ്. ബുദ്ധിപൂർമായ എളുപ്പവഴി എന്നും പ്രസിദ്ധികാംക്ഷികൾ ചിന്തിക്കാം.

പ്രസിദ്ധിയുടെ താല്പര്യം ഏതൊരു സമൂഹത്തിലും ഒരിക്കൽ ഉടലെടുത്താൽ തന്മൂലം പ്രത്യക്ഷ ത്തിൽ ദൃഢീകൃതമായ കാര്യങ്ങൾ ഇല്ലാതാവുകയും അതോടൊപ്പം ജീവിതമൂല്യങ്ങൾ മാറുകയും ചെയ്യും. ഇതുമൂലം നേതൃത്വ പ്രാപ്തിക്കുള്ള വഴി എളുപ്പത്തിൽ തെളിഞ്ഞു വരുന്നത് കാണാം. പ്രത്യക്ഷ പ്രവൃത്തിക്കായി മത്സരിക്കുന്നത് ക്ലിഷ്ടകരമാണ്. എന്നാൽ പ്രസിദ്ധിക്കു വേണ്ടി അത്രയും കഷ്ടപ്പെടേ ണ്ടിവരില്ല. പ്രവൃത്തി പ്രസിദ്ധമാവാൻ യഥാർത്ഥത്തിൽ യോഗ്യതയുടെ ആവശ്യമില്ല. പ്രശക്തിയുടെ മേഖ ലയുമായി ദൃഢബന്ധം പുലർത്തുവാൻ യഥാർത്ഥത്തിൽ അങ്ങനെ യോഗ്യതയൊന്നും ആവശ്യമില്ല; എന്നാൽ നല്ല ഫലം കാണുകയും ചെയ്യും. അതിനാലാണ് പ്രശസ്തിക്കായി പരസ്പര സ്പർദ്ധ ആരംഭി ക്കുന്നത്. പൂർണലക്ഷ്യവാദിയായ വ്യക്തിയ്ക്കു മുകളിൽ ഇത്തരം പരിണാമം ഇല്ലായിരിക്കാം; എന്നാൽ അത്തരം വ്യക്തികൾ സ്വാഭാവികമായും എണ്ണത്തിൽ കുറവായിരിക്കും. എന്നാൽ മറ്റെല്ലാ വ്യക്തികളും അവസരവാദികളാണ് എന്ന് പറയുന്നതും ശരിയല്ല. അവരും ലക്ഷ്യവാദികൾ തന്നെയായിരിക്കും. പക്ഷെ ലക്ഷ്യവാദിയുടെ അളവ് കൂടിയും കുറഞ്ഞുമിരിക്കും. അവരിൽ കഷ്ടപ്പെട്ടിട്ടായാലും നല്ല സംസ്കാരം സംക്രമിക്കപ്പെട്ടാൽ അവരും കുറച്ച് സമയത്തിനുള്ളിൽ നൂറ് ശതമാനവും ലക്ഷ്യവാദികളല്ലെങ്കിലും നല്ല സംസ്കാരം നേടുന്നതിലൂടെ ലക്ഷ്യവാദികളാക്കപ്പെടും.

പ്രവർത്തനത്തിന്റെ അഭിവൃദ്ധിക്കായി പ്രചാരണം ആവശ്യമാണ് എന്നത് നിസ്ചയമാണെങ്കിലും പതുക്കെപ്പതുക്കെ പ്രചാരണം നടക്കുമ്പോൾ ഒരു ഭാവമുടലെടുക്കും. തന്നെക്കുറിച്ച് പ്രതിദിനം വായി ക്കാൻ ലഭിക്കണമെന്ന തോന്നലോടൊപ്പം തന്റെ ഫോട്ടോ പത്രങ്ങളിൽ കാണുന്നതും ഒരാസക്തിയായി മാറും എന്നതാണ് അത്. തന്റെ ശബ്ദം കാസറ്റിൽ കേൾക്കാനുള്ള ആഗ്രഹം ഉടലെടുക്കും. ഇതിനെ യാണ് പറയുന്നത് ''നാർസിസസ്സ് ഭാവം''. ഗ്രീക്ക് പുരാണത്തിലൊരു കഥയുണ്ട്: ''നാർസിസസ് എന്ന് പേരുള്ള പതിനെട്ട് പത്തൊൻപത് വയസ്സുള്ള ഒരു ആൺകുട്ടിയുണ്ടായിരുന്നു. അവൻ അതിസുന്ദരനായി രുന്നു. അവന്റെ സൗന്ദര്യം നാരീസദൃശമായിരുന്നു. അക്കാലത്ത് കണ്ണാടിയില്ലായിരുന്നു. അതുകൊണ്ട് അവൻ തന്റെ രൂപം ഒരിക്കലും കണ്ടിട്ടില്ലായിരുന്നു. ഒരിക്കലവൻ ഒരു വെള്ളച്ചാട്ടത്തിന്റെ സമീപത്ത് കൂടെ പോവുകയായിരുന്നു. അവൻ ഒരു മരത്തടിമേൽ നിന്ന് നോക്കിയപ്പോൾ താഴെ ശാന്തമായ വെള്ള ത്തിൽ തന്റെ രൂപം കണ്ടു. അങ്ങനെ അവൻ തന്റെ തന്നെ സൗന്ദര്യത്തിൽ ആസക്തനായി. അവന് തോന്നി, തന്റെ തന്നെ സൗന്ദര്യത്തിൽ തനിക്ക് ലയിക്കണം എന്ന്. അവനവനിൽത്തന്നെ അവനവന്റെ ലയം അസംഭവ്യമായിരുന്നു. അങ്ങനെ തന്നെക്കുറിച്ച് മാത്രം ചിന്തിച്ച് ചിന്തിച്ച് അവൻ വിരഹവേദന യാൽ കാലം ചെയ്തു. യൂറോപ്യൻ നദീതീരത്ത് പ്രതിബിംബം നദിയിൽ വീഴത്തക്കവിധം വളരുന്ന വിശി ഷ്ടപൂക്കളെ ''നാർസിസി'' ന്റെ പൂക്കൾ എന്നാണ് വിളിക്കുന്നത്. തന്റെ തന്നെ പ്രതിബിംബത്തോട് ആസക്തി തോന്നുകയും, അതുമായി ഒന്നിക്കണമെന്ന് തോന്നുകയും ചെയ്യുന്ന ചാപല്യത്തെ ''നാർസി സസ് ഭാവം'' എന്ന് പറയുന്നു. തന്റെ തന്നെ ഫോട്ടോ നോക്കുക, തന്റെ തന്നെ വായിക്കുക, സ്വന്തം ശബ്ദം കേൾക്കുക എന്നതെല്ലാം നാർസിസസ് ഭാവത്തിന്റെ രൂപങ്ങളാണ്. പ്രചരണവും പ്രശക്തിയും പ്രവർത്തനത്തിന്റെ പുരോഗതിക്കുവേണ്ടിയാണെന്ന് മൂലതത്വം, അതോടെ, പതുക്കെ, മറന്നുപോവുകയാ യി ചെയ്യേണ്ടതാണ്. സംഭവിക്കുന്നതെന്തെന്നാൽ പ്രചാരത്തിന് എത്ര ആവശ്യമാണോ അത്രമാത്രം പ്രവർത്തനമെ ചെയ്യപ്പെടുന്നുള്ളു. പറയേണ്ടത് അച്ചടിക്കുക എന്നത് മാത്രമാണ് ബാക്കിവരുന്നത്. പതു ക്കെപ്പതുക്കെ അവിചാരിതമായി ഇത്തരം പരിവർത്തനങ്ങൾ നടന്നുവരുന്നു.

ഏതൊരു വലിയ പ്രവർത്തനത്തിനും ഇത്രയും ത്വര നല്ലതല്ല എന്നതാണ് പറയുന്നതിന്റെ അർത്ഥം. നമ്മൾ സന്തോഷത്തോടെയും ധൈര്യമായും ചിന്തിച്ചും പ്രവർത്തനത്തിലേർപ്പെട്ടാൽ അത്യഗാധമായ ആത്മസന്തോഷം ഉണ്ടാകുന്നതാണ്. നമ്മുടെയിവിടെ മുന്നെത്തന്നെ പറഞ്ഞിട്ടുണ്ട്.

**ശനൈഃ പന്ഥാ ശനൈഃ കന്ഥാ ശനൈഃ പർവ്വതമസ്തകേ**
**ശനൈഃ വിദ്യാ ശനൈഃ വിത്തം പഞ്ചൈതാനി ശനൈഃ ശനൈഃ**

വഴി നടക്കൽ, കമ്പിളി നെയ്യൽ, പർവ്വതാരോഹണം, വിദ്യ, ധനം എന്നീ അഞ്ചും പതുക്കെപ്പതുക്കെ മാത്രം ചെയ്യേണ്ടതാണ്. രാഷ്ട്രീയരീതിയിലുള്ള കരുനീക്കൽ, കൗശലം, നെറികേട് തുടങ്ങിയവയിലൂടെ കാര്യം നടത്താം എന്നൊന്നും ചിന്തിക്കരുത്. പ്രവർത്തനം പ്രാമാണികമായി പതുക്കെപ്പതുക്കെ ചെയ്യേ ണ്ടതാണ്. മഹത്തായ കാര്യങ്ങൾക്ക് മനസാന്നിദ്ധ്യം അത്യാവശ്യമാണ്. എന്നാൽ ആർക്കാണ് അത്തരം മനസാന്നിദ്ധ്യമുള്ളത്? അഹങ്കാരിയായ വ്യക്തി അത്തരം ക്ഷമ വച്ചുപുലർത്തില്ല. ധൈര്യം ഉള്ളതിനാൽ ലക്ഷ്യവാദിയുടെ ശക്തി സീമാതീതമാകുന്നു. അയാളുടെ ആത്മവിശ്വാസം വർദ്ധിക്കുന്നു. എന്നാൽ

ആത്മവിശ്വാസം ഇല്ലാത്തയാൾ പോരാട്ടത്തിൽ പരാജയപ്പെടുന്നു. അയാൾ പോരാട്ടത്തിന് പോകുന്നതിന് മുൻപുതന്നെ പരാജയപ്പെടുന്നു.

ആചാര്യ ചാണക്യനെക്കുറിച്ച് കൂടുതലറിവുള്ള സാഹിത്യകാരൻ ''മുദ്രാരാക്ഷസ''ത്തിൽ പറയുന്നുണ്ട്. ''പ്രാതക്കാല സ്നാനത്തിന് ശേഷം ചാണക്യൻ തന്റെ ചാരന്മാരോട് അന്വേഷണങ്ങൾ നടത്തുന്നു. അന്ന് കേവലം കേട്ടത് ആ രാജാവ് അവരെ വിട്ട് ശത്രുപക്ഷത്ത് ചേർന്നിരിക്കുന്നു. ആ സേനാപതിയും ശത്രുപക്ഷത്ത് പോയി. ആ വീരനും അവരെ വിട്ട് പോയിരിക്കുന്നു'' തുടങ്ങിയവ എല്ലാ വിവരങ്ങളും വിട്ടുപോകുന്നതിനെക്കുറിച്ചാണ്. ഇതെല്ലാം കേട്ട് ചാണക്യൻ പറയുന്നു -

**''ഏകാ കേവലമർത്ഥ സാധന വിധൗ സേനാ ശതേഭ്യോ ധികാ**
**നന്ദോന്മൂലന ദൃഷ്ടവീര്യമഹിമാ ബുദ്ധിസ്തു മാ യാതുമാം''**

''വിട്ടുപോകേണ്ടവർ ആദ്യം തന്നെ ഉപേക്ഷിച്ചു പോയി. വരും നാളുകളിൽ വിട്ടുപോകാനാഗ്രഹിക്കുന്നവർ അവരും പോകട്ടെ ആകുലപ്പെടേണ്ടതേയില്ല; ഒന്നുമാത്രം എന്റെ ബുദ്ധി എന്നെ വിട്ട് പോകാതിരിക്കട്ടെ. ആഗ്രഹനിവൃത്തിക്കായി നൂറുകണക്കിന് സേനകളെക്കാൾ കരുത്തുള്ളതും നന്ദസാമ്രാജ്യത്തിന്റെ ഉന്മൂലനത്തിൽ ശൗര്യമഹിമ ലോകത്തെ കാണിച്ച എന്റെ ഈ ബുദ്ധി എന്നെവിട്ട് പോകാതിരിക്കട്ടെ.''

എത്ര പ്രബലമായ ആത്മവിശ്വാസമാണ്; ലക്ഷ്യബോധമുള്ള പ്രവർത്തകന് ആത്മവിശ്വാസത്തിന്റെ ഈ ആദർഷം ഉദാഹരണമാണ്.

കേവലം ജയപരാജയം, നേതൃത്വത്തെ വിലയിടുന്നതിനുള്ള സ്പർദ്ധയായി കണക്കാക്കേണ്ടതില്ല. പലപ്പോഴും പരാജയം വിജയത്തേക്കാൾ കൂടുതൽ പ്രതാപം നൽകുന്നതായും കരുതപ്പെടുന്നു. ''ദന്തഛേദോ ഹി നാഗാനാം ശ്ലാഘ്യോ ഗിരിവജാരണേ'' - പർവതത്തെ പൊട്ടിക്കുന്ന പ്രയത്നത്തിലാണ് ആനകളുടെ കൊമ്പ് മുറിഞ്ഞത് എങ്കിൽ പൊട്ടിയ കൊമ്പ് പോലും പ്രശംസനീയമായി കാണപ്പെടുന്നു. വലിയ പരാജയത്തിനു ശേഷം ആ പ്രശ്നത്തിൽ നിന്ന് ഏറ്റവുമധികം ശിപ്പായികളെയും യുദ്ധസാഹിത്യത്തെയും സംരക്ഷിച്ച് തിരിച്ചുകൊണ്ടുവരുന്ന സേനാപതിയുടെ സഫല പ്രത്യാഗമനത്തിന് ചർച്ചിൽ പ്രശംസിച്ചത് എന്തിനായിരിക്കും എന്ന് ഇത്തരുണത്തിൽ സങ്കല്പിക്കാം. അതിന്റെയർത്ഥം ഒറ്റ പരാജയം കൊണ്ട് നേതൃത്വത്തെ നിന്ദിക്കുകയോ, നിരാശപ്പെടുകയോ കുണ്ഠിതപ്പെടുകയോ ചെയ്യേണ്ടതില്ല. ഒറ്റ വിജയം കൊണ്ട് ആത്മശ്ലാഘനത്തിന്റെയോ ആവശ്യവും ഇല്ല. എന്തെന്നാൽ ജയപരാജയങ്ങൾ പരസ്പര ബന്ധിതങ്ങളായ കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. അതിൽ ഒന്ന് നേതൃത്വത്തിന്റെ ക്ഷമത കൂടിയാണ്.

വ്യക്തി സമൂഹം രാഷ്ട്രം എന്നിവയുടെ ചരിത്രത്തിൽ കണ്ടിട്ടുണ്ട് വിഷമസന്ദർഭത്തിൽ മുന്നേറുന്നവൻ വിജയസമയത്ത് ലഭിക്കുന്ന യശപ്രാപ്തിയിൽ ''ലഭ്യമായതിന്റെ സന്തോഷം'' ഉണ്ടായെന്നാൽ അവർ ചിന്തിക്കുന്നത് തങ്ങളെല്ലാമായിക്കഴിഞ്ഞു, പൂർണരായി എന്നാണ്. അതിനാൽ തനിക്കു തന്നെ അറിവില്ലാത്ത വിധത്തിൽ മുൻപുണ്ടായിരുന്ന പരിശ്രമം പതുക്കെപ്പതുക്കെ കുറയുന്നതാണ്.

പതിനേഴാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന ലൂയിയുടെ ഉദാഹരണം നമുക്കറിയാം. ലൂയിയുടെ നാടുവാഴി വളരെ ധീരനായിരുന്നു മാത്രവുമല്ല, എല്ലാ യൂറോപ്യൻ രാഷ്ട്രങ്ങൾക്കു മുകളിലും ഫ്രാൻസിന്റെ പ്രഭാവമുണ്ടായിരുന്നു. രാജാവായിരുന്ന ലൂയിക്ക് ഭയം വളരാൻ തുടങ്ങി; കാരണം നാടുവാഴികൾ മറ്റ് രാഷ്ട്രങ്ങളോട് പ്രവർത്തിക്കുന്നത് പോലെ വൈരാഗ്യത്തോടെ ഏതെങ്കിലുമൊരു നാൾ തന്നോടും പ്രവർത്തിച്ചേക്കാം എന്നൊരു ചിന്ത ലൂയിയിൽ ഉണ്ടായി. രാജാവിന് അദ്ദേഹത്തിന്റെ പ്രധാന മന്ത്രിമാർ ഉപദേശം നൽകി, നാടുവാഴികൾ രാജാവിന് ബുദ്ധിമുട്ടുണ്ടാക്കാതിരിക്കണമെങ്കിൽ അവരെ അടിച്ചമർത്താതിരിക്കുകയാണ് വേണ്ടത്. അദ്ദേഹത്തിന് വിശ്രമം നൽകൂ. അതിനാലദ്ദേഹം ഒരു വലിയ കൊട്ടാരം പണിയിച്ചു. അതിന്റെ പേരാണ് ''പാലസ് ഓഫ് ബർസെൽസ്''. ആ കെട്ടിടത്തിന് ഒരു വലിയ ദർബാറുണ്ടായിരുന്നു. എല്ലാവർക്കും യഥോചിതം ആദരവോടെ താമസിക്കാനുള്ള വ്യവസ്ഥ അവിടെയുണ്ടായിരുന്നു. ആ പരാക്രമികളായ നാടുവാഴികൾക്ക് വലിയ വലിയ പദവികളും മറ്റും നൽകി അവരെ ക്ഷണിച്ചുവരുത്തി. അവിടെ സുഖവാസത്തിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ടായിരുന്നു. എല്ലാവരും സുഖിച്ച് താമസിച്ചു. പത്ത് വർഷത്തിനുള്ളിൽത്തന്നെ ധീരരായിരുന്ന, ക്രിയാശീലരായിരുന്ന, ബുദ്ധിമാന്മാരായിരുന്ന ആ ആളുകൾക്ക് വളരെയധികം പതനം സംഭവിച്ചു എന്നതായിരുന്നു അതിന്റെ പരിണതഫലം. തുടർന്ന് പതിനേഴാം നൂറ്റാണ്ടിൽ ഫ്രാൻസിന്റെ അരിസ്റ്റോക്രസിയും ഒപ്പം മുതലാളിവർഗത്തിൽ ഒരു ക്രിയാശീലനായ പുരുഷനും ഉണ്ടായില്ല എന്നതാണ് വാസ്തവം. എത്ര ആശ്ചര്യകരമാണ് - ഇത്രയും ധീരരും, ക്രിയാശീലരും, ബുദ്ധിമാന്മാരുമായവർക്ക്, പക്ഷെ, പാലസ് ഓഫ് ബർസേൽസിലെ ആലസ്യകരമായ വ്യവസ്ഥ, പദവി, സ്ഥാനത്തിന്റെ മാന്യത എന്നിവ ലഭിച്ചപ്പോൾ പരിണതഫലം അവരുടെ എല്ലാ പ്രേരണയും കർതൃത്വവും സമാപിച്ചു എന്നതുതന്നെയായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ ഇറ്റലിയിലെ മുതലാളി വർഗത്തിലും ഇതേ രീതിയിൽ ഒരൊറ്റ പ്രവർത്തനശീലമുള്ള ബുദ്ധിമാന്മാ

രായവരുടെയും രൂപീകരണം ഉണ്ടായില്ല. അതായത് സുഖവും, വൈഭവവും സീമാതീതമായി ലഭിച്ചത് അവരുടെ ശുഷ്കാന്തിയെ ഇല്ലാതാക്കി.

സുഖദുഃഖങ്ങൾ എന്താണ്? ഇതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ഒരു സാധാരണ വ്യക്തിക്ക് ചിന്തിക്കാനാകുമോ, ഇല്ലയോ? എന്ന ഒരു ചോദ്യം നമ്മുടെ മനസ്സിൽ രൂപപ്പെടുന്നു. സുഖം വേണം എന്നത് ശരിയാണ്. കേവലം പാശ്ചാത്യർ മാത്രമല്ല. നമ്മുടെ ദ്രഷ്ടാക്കളും, ഋഷിമാരും, മുനിമാരും ഉൾപ്പെടുന്നവർ വരെ സമ്പൂർണ ജീവിതത്തിന്റെ ലക്ഷ്യം സുഖമാണ് എന്ന് പറഞ്ഞിട്ടുണ്ട്. അതിൽ സംശയലേശവുമില്ല. എന്നാൽ ആ സുഖം എങ്ങനെ സ്വായത്തമാക്കണം എന്നതിലാണ് മഹത്വം. ഇതെക്കുറിച്ച് നമ്മുടെ ജീവിതം മുഴുവൻ തത്വജ്ഞാനം ലഭിക്കുന്നു.

ജീവനെ കഷ്ണങ്ങളായി മുറിക്കാൻ സാധിക്കില്ല. ജീവൻ ഒന്നുമാത്രമാണ്; ഏകാത്മമാണ്. അതിനെ കാണുന്നതിന് പലപല രീതികളുണ്ട്. ഒരു വശത്തെ വ്യാവഹാരികമെന്നും മറ്റെതിനെ സൈദ്ധാന്തികമെന്നും പറയാം. ചിലർ പറയുന്നത് സൈദ്ധാന്തിക ദൃഷ്ടിയിൽ നിങ്ങൾ ശരിയാണ്, എന്നാൽ വ്യവഹാരിക രൂപത്തിൽ ലോകത്ത് ഇത് നടക്കില്ല. നമ്മുടെയിവിടെ സുഖദുഃഖങ്ങൾക്ക് സരള പരിഭാഷ ഉണ്ടായിട്ടുണ്ട്.

**''അനുകൂല സമവേദനാത്മകം സുഖം**
**പ്രതികൂല സംവേദനാത്മകം ദുഃഖം''**

അതായത് ഏത് മൂലമാണോ അനുകൂലമായ സംവേദനം നടക്കുന്നത് അത് സുഖവും, പ്രതികൂല സംവേദനം ഉണ്ടാകുന്നത് ദുഃഖവുമാണ്. ബുദ്ധിയില്ലാത്ത പ്രാണികൾക്കു പോലും മനസ്സിലാകാവുന്ന അത്രയും സരളമായ പരിഭാഷയാണ് ഉണ്ടാക്കിയിട്ടുള്ളത്.

റഷ്യയിലെ സ്വേഛാധിപതിയായിരുന്ന സ്റ്റാലിന്റെ മകൾ സ്വറ്റ്ലാന ഒരിക്കൽ ഭാരതത്തിൽ വന്നിരുന്നു. സ്റ്റാലിന്റെ മക്കൾക്ക് സമ്പത്ത്, സുഖസൗകര്.ങ്ങൾ എന്നിങ്ങനെ എല്ലാം ഉണ്ടായിരുന്നു എന്ന് നമുക്ക് ഊഹിക്കാം. ''നിങ്ങൾ എന്തിനാണ് ഇവിടെ വന്നത്, എന്താഗ്രഹിക്കുന്നു, എന്താവശ്യമാണ് ഉള്ളത്?'' എന്നിങ്ങനെ പല ചോദ്യങ്ങൾ പത്രപ്രവർത്തകർ ചോദിച്ചപ്പോൾ അവർ പറഞ്ഞു, ''എനിക്ക് ഒരേയൊരാഗ്രഹം മാത്രമെയുള്ളു... പവിത്രമായ ഗംഗാനദി ശാന്തമായി ജീവിക്കണം.'' സ്റ്റാലിന്റെ മകൾ ''എന്റെ അന്ത്യാഭിലാഷം ഗംഗാതീരത്ത് കുടിൽ കെട്ടി അവസാനകാലം കഴിച്ചുകൂട്ടണം'' എന്ന് പറയും എന്ന് നമ്മുടെ രാജ്യത്തെ 'പുരോഗമന വാദികളുകൾക്കും' 'ആധുനിക ജനങ്ങൾക്കും' ചിന്തിക്കാനാകുമോ? ഈയടുത്ത് ഏകദേശം ഒരു പത്ത് വർഷം മുൻപ് ലോകപ്രസിദ്ധ ബിസിനസ്സുകാരനായ ഹെൻഡ്രഫോർഡിന്റെ പേരക്കുട്ടി ഇന്ത്യയിൽ വന്നപ്പോഴും പത്രപ്രവർത്തകർ ചോദിച്ചു. ''അങ്ങ് എങ്ങനെയാണ് ഹരേരാം ഹരേകൃഷ്ണ മുന്നേറ്റത്തിന്റെ ഭാഗമായത്?'' അയാൾ ഉത്തരം പറഞ്ഞത്. ''അതിലൂടെ എനിക്ക് ശാന്തി ലഭിക്കുന്നു.'' ''അപ്പോൾ നിങ്ങളുടെ കൈവശമുള്ള അളവില്ലാത്ത സമ്പത്ത് എന്ത് ചെയ്യും?'' അയാൾ പറഞ്ഞു ''സമ്പത്ത് തന്നെ സമ്പത്ത്, അത് ഭഗവാൻ കൃഷ്ണന്റേതാണ്.'' നമ്മുടെ ഭാരതത്തിലെ 'പുരോഗമനവാദികൾ' ഇതിനെ മൂർഖത എന്ന് പറയും. എന്നാൽ ഹെൻഡ്രി ഫോർഡിന്റെ പേരക്കുട്ടി ഇക്കാര്യം പറഞ്ഞത് വളരെ സ്പഷ്ടമായ ശബ്ദത്തിലായിരുന്നു. അമേരിക്ക പോലുള്ള ഭൗതിക ദൃഷ്ടിയാൽ സമൃദ്ധമായ രാജ്യങ്ങളിലെ സമ്പന്നന്റെ പേരക്കുട്ടി, റഷ്യയിലെ ഏകാധിപതിയായ സ്റ്റാലിന്റെ പുത്രി സ്വറ്റ്ലാന തുടങ്ങിയവർ ഇങ്ങനെ ചിന്തിക്കുന്നതും പറയുന്നതും എന്തുകൊണ്ടാണ് എന്നതാണ് ചിന്തിക്കേണ്ട വസ്തുത. ഒരാൾ ഗംഗാതീരത്ത് കുടിൽകെട്ടി തന്റെ അവസാന നാളുകൾ കഴിച്ചുകൂട്ടാൻ ആഗ്രഹിക്കുന്നു, എന്നാൽ മറ്റു ചിലരാകട്ടെ എല്ലാം ഭഗവാൻ കൃഷ്ണന്റേതാണ്. ഇത്തരം ചിന്ത ഉടലെടുക്കുന്നത് എന്തുകൊണ്ടാണ്?

കേവലം അർത്ഥം (ധനം) കൊണ്ടും കാമം കൊണ്ടും മനുഷ്യൻ സന്തുഷ്ടനാകില്ല. അതിലൂടെ ദുഃഖം വർദ്ധിക്കുന്നു. അതുകൊണ്ടു തന്നെ നമ്മുടെ നാട്ടിൽപ്പറയുന്നത്, അർത്ഥത്തിന്റെയും കാമത്തിന്റെയും അഭാവവും ഉണ്ടാകരുത്. എന്നാൽ അർത്ഥകാമങ്ങളുടെ പ്രഭാവവും ഉണ്ടാവരുത്. അപ്പോഴാണ് ആനന്ദമുണ്ടാകുന്നത്. ആ ആനന്ദം ചിരന്തനമായി നിരന്തരം ഘനീഭൂതമായി, ചിരന്തനവും ആയ നിരന്തര സുഖം അഥവാ മോക്ഷം തന്നെയാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കായി മനുഷ്യൻ തന്റെ താല്പര്യം, പ്രതിഭ, പ്രകൃതി, പരിസ്ഥിതി, തന്റെ ശാരീരികവും, മാനസികവും, ബൗദ്ധികവും, ആദ്ധ്യാത്മികവുമായ തലത്തിൽ എല്ലാ കാര്യങ്ങളെയും ചിന്തിക്കുകയും അങ്ങനെ സ്വന്തം വഴി തിരഞ്ഞെടുക്കുകയും ചെയ്യേണ്ടതാണ്.

സമ്പത്തും ഉപജീവനമാർഗം ആർക്കും ഇല്ലാതിരിക്കരുത്. അത് നോക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്. എന്നാൽ ധനത്തിന്റെയും തൊഴിലിന്റെയും പ്രഭാവം മനസ്സിലില്ലാതിരിക്കണം; അത് ഓരോ വ്യക്തിയുടെയും ചുമതലയാണ്. അതിനാൽ ദേശീയ തൊഴിൽ കമ്മീഷനു മുന്നിൽ നമ്മൾ സമർപ്പിച്ച

നിവേദനത്തിൽ എവിടെ ലാഭാംശം, ക്ഷാമബത്ത, ഹാജരാക്കുക എന്നിവയുടെ നിയമം എന്നിവ വിഷയങ്ങളാണ്, അവിടെ മുൻ പേജിൽ തന്നതു പോലെ ''അഭാവോം വാ പ്രഭാവോം വാ യത്ര നാസ്തി'' എന്നു വച്ചാൽ സമ്പത്തിന്റെയും ജോലിയുടെയും അഭാവം ഉണ്ടാകാതിരിക്കുകയും ധനത്തിന്റെയും തൊഴിലിന്റെയും പ്രഭാവം ഉണ്ടാകാതിരിക്കുകയും വേണം. ആ അവസ്ഥ വന്നുചേർന്നാൽ സമൂഹം ആത്മസ്വരൂപത്തിലെത്തിചേരുകയും പിന്നീട് ധർമചക്രത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യും.

ഇന്ന് രാജ്യം വളരെയധികം മുന്നേറിയിരിക്കുന്നു. എല്ലാ ജനങ്ങളും ബുദ്ധിശാലികളുമായിരിക്കുന്നു. ''സത്താതുരാണം നദളം ന രാഷ്ട്രം'' എന്ന അവസ്ഥയാണ്. 1947 ന് മുൻപ് ജീവിതമൂല്യം മറ്റൊന്നായിരുന്നു. തൂക്ക്കയർ ലഭിക്കുന്നതിന് മുൻപ് രാംപ്രസാദ് നൽകിയ 'സന്ദേശം':

**''സരഫ്രോശീ കീ തമന്നാ അബ് ഹമാരേ ദിൽ മേംഹൈ,**
**ദേഖ്നാ ഹൈ ജോർ കിതനാ ബാജു–എ–കാതിൽ മേ ഹൈ,**
**ഖീംച്ർ ലായീ ഥീ സബ്കോ കത്ല് ഹോനേ കീ ഉമ്മീദ്,**
**ആശികോം കാ ആജാ ജംഘട് കൂചാ–എ–കാതിൽ മേ ഹൈ.''**

അവർ വധിക്കപ്പെടുമെന്ന വിശ്വാസത്തോടെ തന്നെയാണ് ഇവിടെ വന്നത്. ഇന്ന് രാജ്യത്ത് ഏതെങ്കിലും ഒരു വ്യക്തി ഈ വരികൾ പറഞ്ഞാൽ നിശ്ചയമായും അയാളെ ഭ്രാന്താലയത്തിലേക്ക് അയക്കും. എന്നാൽ ഈ വരികൾ നിശ്ചയമായും പറയേണ്ടതായി വന്നാൽ അവരതിനെ ഭേദഗതികൾ വരുത്തി പറയും. ''ഖീംച്കർ ലായീ ഥീ സബ്കോ കത്ല് ഹോനേ കീ ഉമ്മീദ്'' എന്ന വരികൾക്ക് പകരം ''ഖീംച്കർ ലായീ ഥീ സബ്കോ, മന്ത്രീ ഹോനേ കീ ഉമ്മീദ്'' എന്നാക്കി പറയുമായിരിക്കും. ഇപ്പോൾ എൺപത് കോടിയിൽ നിന്ന് എൺപത് കോടി ആളുകളും പ്രധാനമന്ത്രിയാകാൻ ആഗ്രഹിക്കുന്നു. 47 ന് മുൻപുള്ള ഭാവനകളുമായി നടക്കുന്നവരെ ഇപ്പോൾ ഭ്രാന്തരെന്ന് പറയും. ഞങ്ങൾ അന്വേഷിക്കുന്നതും ലോകത്ത് അത്തരത്തിലുള്ള ''ഭ്രാന്തന്മാർ'' എവിടെ ലഭിക്കും എന്നാണ്. ലഭിക്കുകയേയില്ല!

അക്ബർ ചക്രവർത്തി തന്റെ ദർബാറിലേക്ക് വിളിപ്പിച്ചപ്പോൾ ഞാനവിടെപ്പോകില്ല എന്ന് പറയുന്നവരാണ് നമ്മുടെ രാജ്യത്ത് ഋഷിമാരാവുന്നത്. എന്തെന്നാൽ ''ആവത്-ജാത് പൻഹിയാം ടൂടേ, ബിസ്രി ജായ് ഹരി നാം'', ''വന്നും പോയും കൊണ്ടിരിക്കുന്ന ചെരിപ്പുകൾ തേഞ്ഞുപോകും, കൂടാതെ ഈശ്വരന്റെ പേരും മറന്നുപോകും. അതുകൊണ്ട് ഞാൻ നിന്റെയടുത്ത് വരില്ല. വേണമെങ്കിൽ എന്റെയടുത്തേക്ക് വരാം.'' അങ്ങനെ അദ്ദേഹം പോയില്ല. ശിവാജി രാജാവ് അദ്ദേഹത്തിനായി പല്ലക്കയച്ചപ്പോൾ അദ്ദേഹം പറഞ്ഞു –

**''തുമ്ഹാപാസീ യോണ്യാ ഥേക്കോനിയാ കായാ**
**വ്യാർത്ഥ് ഗീൺ ആഹേ ചാലണ്യാചാ''**

''നിന്റെയടുത്ത് വന്നിട്ട് എനിക്കെന്ത് പ്രയോജനം? വൃഥായുള്ള യാത്ര ക്ലിഷ്ടകരമാണ്. ഞാൻ കഷ്ടം സഹിക്കാനാഗ്രഹിക്കുന്നില്ല. മൂന്നാമത്തെ ഉദാഹരണം സിക്കന്ദറിന്റെ സമയത്തേതാണ്. ഡയോജനിസ് എന്ന ഒരു വലിയ ദാർശിനികനുണ്ടായിരുന്നു. അയാളെപ്പോഴും കുളത്തിലിരുന്ന് സൂര്യസ്നാനം ചെയ്യുമായിരുന്നു. സിക്കന്ദർ അയാളുടെ പേരുകേട്ടപ്പോൾ ആലോചിച്ചു. തന്റെ രാജ്യത്തുള്ളത് ലോകത്തെ ഏറ്റവും വലിയ ദാർശിനികനാണ്. ഇതദ്ദേഹത്തിന്റെ മഹത്വമാണ്. അതിനാലദ്ദേഹത്തെ ദർബാറിലേക്ക് വിളിക്കേണ്ടതുണ്ട്. രാജദൂതന്മാർ ക്ഷണിക്കാൻ ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു. ''ഞാൻ വരില്ല. ഞാനെപ്പോഴും കുളത്തിലിരുന്ന് സൂര്യ സ്നാനം ചെയ്യും. രാജദർബാറിലേക്ക് പോയാൽ ഈ ക്രമത്തിന് ഭംഗം സംഭവിക്കും.'' വിശ്വവിജയിയായ സിക്കന്ദർ ആദ്യം ഇത് കേട്ടപ്പോൾത്തന്നെ കോപിച്ചു. പിന്നീട് ചിന്തിച്ചു. ദാർശനികർ ഇത്തരത്തിൽ വട്ടുള്ളവരായിരിക്കും, ശരി ഞാൻ തന്നെ അദ്ദേഹത്തെ കാണാൻ പോകാം. സായ്ജാനിസിനോട് സിക്കന്ദർ മഹാരാജാവ് സ്വയം തന്നെ എഴുന്നള്ളുകയാണെന്നറിയിച്ചു. അയാൾ പറഞ്ഞു ''വരട്ടെ. എനിക്കയാളെ തടഞ്ഞു നിർത്താൻ പറ്റുമോ?'' ചക്രവർത്തി സിക്കന്ദർ രാവിലെത്തന്നെ അദ്ദേഹത്തിന്റെയവിടെയെത്തി. ആ സമയത്ത് പ്രഭാത സൂര്യൻ മുകളിൽ എത്തിയിട്ടേ ഉണ്ടായിരുന്നുള്ളു. സൂര്യകിരണങ്ങൾ അവിടേക്ക് എത്താൻ തുടങ്ങുന്നതയുള്ളു. ''ചക്രവർത്തി വന്നു'' എന്ന ബഹളം കേൾക്കാമായിരുന്നു. എന്നിരുന്നാലും അയാൾ അലസനായി കിടക്കുക തന്നെ ചെയ്തു. എഴുന്നേറ്റതേയില്ല. മാത്രവുമല്ല, ചക്രവർത്തിയുടെ വശത്തേക്ക് തിരിഞ്ഞതുമില്ല. ആളുകൾക്ക് ഇതുകണ്ട് വിചിത്രമായി തോന്നി – ലോകത്തെ ഏറ്റവും വലിയ ചക്രവർത്തി എത്തിയിരിക്കുന്നു. എന്നാൽ ഇയാൾ അദ്ദേഹത്തെ കണ്ടഭാവം നടക്കുന്നില്ല. ചക്രവർത്തി പറഞ്ഞു തുടങ്ങി. ''സാഹബ്, ഞാൻ വന്നിരിക്കുന്നു. ഞാൻ അലക്സാണ്ടർ (സിക്കന്ദർ) ആണ്.'' അദ്ദേഹം സംസാരിച്ചില്ല. കേവലം 'അതെ' എന്ന് പറയും പ്രകാരം തലയിളക്കി. അപ്പോഴും ആ വശത്തേക്ക് തിരിഞ്ഞില്ല. മന്ദഹാസവും പ്രകടിപ്പിച്ചില്ല. പിന്നീട് സിക്കന്ദർ പറഞ്ഞു. ''അങ്ങയെപ്പോലെ ലോകത്തെ സർവശ്രേഷ്ഠ ദാർശനികൻ എന്റെ പ്രജയാണ് എന്നതിൽ എനിക്ക്

അഭിമാനമുണ്ട്.'' അപ്പോഴും അദ്ദേഹമൊന്നും പറഞ്ഞില്ല. ചക്രവർത്തി സംസാരിച്ചുകൊണ്ടിരുന്നു, അദ്ദേഹം നിശ്ശബ്ദനായും അവസാനം സിക്കന്ദർ പറഞ്ഞു, ''ഞാൻ അങ്ങയിൽ സംപ്രീതനാണ്. ഈ ലോകത്ത് എനിക്ക് അങ്ങേക്ക് കരാൻ സാധിക്കാത്തതായി ഒന്നുമില്ല. അങ്ങ് ലോകത്തുള്ള ഏത് വസ്തു വേണമെങ്കിലും എന്നോട് ആവശ്യപ്പെട്ടോളു. ഞാനതങ്ങേക്ക് തരും.'' അപ്പോൾ സയോജനീസ്, സിക്കന്ദറിന്റെ വശത്തേക്ക് അല്പമൊന്ന് തിരിഞ്ഞ് ചിരിച്ചുകൊണ്ട് പറഞ്ഞു. ''ചക്രവർത്തീ ഞാനങ്ങയോട് ചോദിക്കുന്നത് തരാൻ അങ്ങേയ്ക്കാകുമോ?'' അദ്ദേഹം പറഞ്ഞു. ''ആ, ഞാൻ തരാം.' ഡയോജനീസ് പറഞ്ഞു, ''അങ്ങൊരു പക്ഷെ ശ്രദ്ധിച്ചു കാണാനിടയില്ല; അങ്ങയുടെ നിഴൽ എന്റെ ശരീരത്തിൽ എത്തിയിരിക്കുന്നു. അക്കാരണത്താൽ എന്റെ സൂര്യസ്നാനം നടക്കുന്നില്ല. അങ്ങൊരു കാര്യം ചെയ്യുക, കുറച്ചൊന്ന് ഒരു വശത്തേക്ക് മാറി നിൽക്കുക. അപ്പോൾ സൂര്യകിരണങ്ങൾ നേരിട്ട് എന്റെ ശരീരത്തിൽ എത്തിച്ചേരും.'' ഒരു വശത്ത് ലോകത്തിന്റെ ചക്രവർത്തി പറയുകയാണ്, നിങ്ങൾ എന്നിൽ നിന്ന് എന്തെങ്കിലും ആവശ്യപ്പെടുക. മറുവശത്ത് ഈ വ്യക്തി പറയുകയാണ്, അങ്ങ് കുറച്ച് ഒരു വശത്തേക്ക് മാറി നിൽക്കുക, എന്തെന്നാൽ എന്റെ ശരീരത്തിലേക്ക് സൂര്യകിരണങ്ങൾ നേരിട്ട് എത്തിച്ചേരട്ടെ. ലോകത്ത് ഇതിന്റെ ഏറ്റവും വലിയ ഉദാഹരണം റോമൻ സാമ്രാജ്യവാദത്തിന്റേതാണ്. റോമൻ സാമ്രാജ്യം തങ്ങളുടെ ചരമ കാലഘട്ടത്തിൽ ആയിരുന്നപ്പോൾ യൂറോപ്പ് മുഴുവനും അതിന്റെ അധീനതയിൽ ആയിരുന്നു. ക്രിസ്തുവിന് ശേഷം മുന്നൂറ് വർഷത്തോളം ഈ സാമ്രാജ്യത്തിന്റെ ആധിപത്യം നിലനിന്നിരുന്നു. യൂറോപ്പിന്റെ സമ്പത്ത് മുഴുവൻ റോമിൽ കുമിഞ്ഞ് കൂടി എന്നതായിരുന്നു മഹത്തായ കാര്യം. മുന്നൂറ് വർഷങ്ങളോളം ഇത്തരം സാഹചര്യം അവിടെ നിലനിന്നിരുന്നു. അതിന്റെ പരിണതഫലമെന്നോണം ഇക്കാലമത്രയും അവിടത്തെ ജനങ്ങൾ അലസരായി മാറുകയും അവരുടെ കർത്തവ്യബോധം സമാപിക്കുകയും ചെയ്തു; കഴിവും കെട്ടു. ഈ മുന്നൂറ് വർഷങ്ങളിൽ ഒരൊറ്റ മഹാന്റെ പോലും ഉദയം അവിടെയുണ്ടായില്ല. വൈഭവശാലിയായ ഇറ്റിയിലെ പൂർവകാലം വെല്ലുവിളികളും സങ്കടങ്ങളും നിറഞ്ഞതായിരുന്നു. അവിടത്തെ ധീരർ ആ വെല്ലുവിളികൾ ഏറ്റെടുത്തു; ബുദ്ധിമാന്മാർ തങ്ങളുടെ പ്രതിഭയുടെ പ്രകടനം നടത്തിക്കുകയും ചെയ്തപ്പോൾ ഇറ്റലിയുടെ ഈ കാലഘട്ടം ചരിത്രത്തിൽ സുവർണ അക്ഷരങ്ങളാൽ എഴുതിയവയായി. എലിസബത്തിന്റെ കാലത്ത് ഇംഗ്ലണ്ടിൽ വളരെ വലിയ വെല്ലുവിളിയുണ്ടായി. അപ്പോൾ അവിടത്തെ ധൈര്യശാലികൾ അതിന് ഉചിതമായ പരിഹാരം കണ്ടെത്തി. എലിസബത്തിന്റെ യുഗം ഇംഗ്ലണ്ടിന്റെ ചരിത്രത്തിൽ 'സുവർണാക്ഷരങ്ങളാൽ' എഴുതപ്പെട്ടവയാണ്. ഫ്രാൻസിന്റെ വിപ്ലവം നടന്നപ്പോൾ ഫ്രാൻസിന്റെ ചരിത്രത്തിന്റെ ഏടുകളും സുവർണാക്ഷരങ്ങളിൽ എഴുതപ്പെട്ടവയായി. പ്രശ്നങ്ങൾ, ആപത്ത്, ആവാഹിക്കൽ തുടങ്ങിയവ വന്നുകൊണ്ടിരുന്നു. ആ ആളുകളുടെ വാദപ്രതിവാദം, പരാക്രമം, കർതൃത്വം എന്നിവ തെളിഞ്ഞ് ശോഭിക്കുകയും അവരുടെ പേര് ചരിത്രത്തിൽ സുവർണാക്ഷരങ്ങളാൽ രേഖപ്പെടുത്തപ്പെടുകയും ചെയ്തു.

എന്നാൽ ഇതോടൊപ്പം മറ്റൊരു കാര്യവും അനുഭവത്തിൽ വന്നു. വിഷമാവസരങ്ങളിൽ ആരുടെ ധീരതയുടെ പ്രകാശമാണോ ലോകത്തിന് കുറച്ചെങ്കിലും ലഭിക്കുന്നത് അവർക്കിത്തിരി വിജയപ്രാപ്തി ഉണ്ടാകും. ഒപ്പം കുറച്ച് നല്ല വ്യവസ്ഥകളുണ്ടാകുമ്പോൾ പതുക്കെപ്പതുക്കെ അവനവനറിയാതെ തന്നെ പത്തൊൻപതാം നൂറ്റാണ്ടിലെ ഇറ്റലിയും പതിനേഴാം നൂറ്റാണ്ടിലെ ഫ്രാൻസിനെപ്പോലെ ആളുകൾ പ്രഭാവമില്ലാത്തവരായി മാറുന്നു. ഇത് മനുഷ്യന്റെ സ്വഭാവമാണ്. ഈ പരിവർത്തനം വളരെ പതുക്കെപ്പതുക്കെയാണ് നടക്കുന്നത്. അതിനാൽ വ്യക്തി അവനവനെക്കുറിച്ച് ബോധവാനല്ലെങ്കിൽ അവന്റെ പരിപാലനം വളരെ കഠിനമാവും. ഇതിന് മറ്റൊരു കാരണം കൂടിയുണ്ട്. നാം നല്ലവരെങ്കിൽ ആളുകളുടെ മനസ്സിൽ നമ്മെക്കുറിച്ച് ആദരവുണ്ടാകും. ഈ ആദരവുള്ളതിനാൽ അവർ നമുക്ക് സേവനതത്പരരായി മാറും. ഇത്രവരെയ്ക്കും നല്ലതാണ്. എന്നാൽ ഇത് മൂലം നേതാക്കൾക്കു പോലും സേവനങ്ങൾ സ്വീകരിക്കുന്ന സ്വഭാവം വന്നുചേരും. അവരുടെ സ്വയംപര്യാപ്തത കുറയാൻ തുടങ്ങും. ആളുകൾ സമ്മാനങ്ങൾ നൽകും. അപ്പോളവരത് സ്വീകരിക്കും. സ്വീകരിച്ച് - സ്വീകരിച്ച് അവരതിന്റെ ഔചിത്യം പ്രകടമാക്കാൻ തുടങ്ങും. അവർക്ക് തന്നെങ്കിൽ അത് സ്നേഹത്താലാണ് തന്നതെന്ന് പറയാൻ തുടങ്ങും. അങ്ങനെ തരുമ്പോൾ താനെങ്ങനെ വേണ്ടെന്ന് പറയും, പാവം അവർ പിണങ്ങില്ലേ! പിന്നെ പതുക്കെപ്പതുക്കെ അവരറിയാതെ സ്വയം പതനം സംഭവിക്കും. ഇതെക്കുറിച്ച് സ്വയം തർക്കിച്ചില്ലെങ്കിൽ, സ്വയം സംരക്ഷിച്ചില്ലെങ്കിൽ പ്രശ്നമാണ്. ആദ്യത്തിൽ അവരുടെ സദ്ഗുണങ്ങളിൽ ന്യൂനത കാണില്ല. എന്നാൽ നേതൃത്വം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ വളരെപ്പതുക്കെ പതനത്തിന്റെ സാദ്ധ്യതകൾ തെളിയാൻ തുടങ്ങും. അപ്പോളവരിൽ ഒരു ചിന്ത വന്നുചേരും. ഇപ്പോൾ നേതൃത്വം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. അതിനാൽ ഇപ്പോഴൊന്നും ചിന്തിക്കേണ്ടതിന്റെയോ, പ്രവർത്തിക്കേണ്ടതിന്റെയോ ആവശ്യമില്ല. നേടണമെന്നാഗ്രഹിച്ചത് നേടിക്കഴിഞ്ഞു. പ്രവർത്തിക്കാനുള്ള അവരുടെ ഇച്ഛയും ചിന്തയും സാവധാനം സമാപിക്കുക തന്നെ

ചെയ്യും. നേതൃത്വത്താൽ സുഖസൗകര്യങ്ങളും വിശേഷാധികാരങ്ങളും ലഭിക്കുന്നതിനാൽ അവയെ അധികാധികം ഉപയോഗിക്കുന്നതിനുള്ള ഉപായങ്ങളും മാർഗങ്ങളും അന്വേഷിക്കാൻ ആരംഭിക്കും.

ഹിന്ദുസ്ഥാന്റെ രാഷ്ട്രഭക്തിയിൽ നിന്ന് പ്രേരണയും സംസാരവും നേടി സമൂഹത്തിന്റെ വിഭിന്ന ക്ഷേത്രങ്ങളിൽ വീണ്ടും ഒരു പുതിയ ശക്തിയുടെ ജാഗരണമുണ്ടാകും. ഈ ഉദയത്തിന്റെ വേളയിൽ യശസ്വിയായതിന് ശേഷം നമ്മുടെ മനോനില എങ്ങനെയായിരിക്കണം എന്ന ദൃഷ്ടിയിലൂടെ ആദ്യത്തെ ബാജീറാവ് പേശ്വയുടെ ഉദാഹരണം അനുകരണീയമാണ്.

അദ്ദേഹം വടക്ക് ദിഗ്വിജയം ചെയ്യാനാഗ്രഹിച്ചു. വിശാല ലക്ഷ്യം നമ്മൾ മുന്നിൽ വച്ചിട്ടുണ്ട്. അത് നേടുന്നതിനായി രാഷ്ട്ര നിർമാണം നടത്തണം. ഈ രണ്ട് ജീവിത മൂല്യങ്ങളിൽ നിന്ന് ഏത് ജീവിത മൂല്യം നാം സ്വീകരിക്കണം? ''സാമൂഹിക നേതൃത്വത്തിനായി നമ്മുടെ ഓരോരുത്തരുടെയും ജീവിത മൂല്യം എന്താണ്? എത്തരം നേതൃത്വമാണ് വലിയ പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്നത്? കേവലം സ്ഥാനവും, പദവിയും മൂലം ലഭിക്കുന്ന വലുപ്പം യഥാർത്ഥ വലുപ്പമല്ല. യഥാർത്ഥ വലുപ്പം പദവിയിലും സ്ഥാനത്തിലും അവലംഭിച്ചുള്ളതല്ല. അത് ഉള്ളിലുള്ള മൂല്യങ്ങളിൽ അധിഷ്ഠിതമാണ്. അതിന്റെ അടിസ്ഥാനമാകട്ടെ വ്യക്തിയുടെ ആന്തരിക യോഗ്യതയാണ് ഒപ്പം അതേ വ്യക്തിയുടെ പ്രവർത്തനങ്ങളും ഇവയാണ്. വാസ്തവത്തിൽ ചിന്തകളുടെയും, പെരുമാറ്റത്തിന്റെയും മാനദണ്ഡം'' നാം നോക്കേണ്ടതും ഇതുതന്നെയാണ്.